പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1808 25/03/13-ൽ മറുപടിക്ക്

## ഫിഷ് കിയോസ്കുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. കെ. വിജയൻ : | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി ) : |
| (എ) ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 50 ആധുനിക മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്തുടനീളം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. 29 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യവികസന ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞു. |
| (ബി) സംസ്ഥാനത്ത് ഫിഷ് കിയോസ്കുകൾ സ്ഥാപിക്കാനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (ബി) | കേന്ദ്രസർക്കാറിന്റെ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 'ഫിഷ് മെയ്ഡ്" എന്ന ബ്രാൻഡിൽ ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കുന്നതിനായി പ്രാഥമിക സർവ്വേ നടന്നുവരുന്നു. പ്രാരംഭ നടപടിയായി കേന്ദ്ര ഗവേഷണ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി കരാർ ഒപ്പുവയ്ക്കുന്നതിനായി കരട് കരാർ പ്രസ്തുത ഓഫീസിലേയ്ക്ക് അയച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് ഫിഷ് കിയോസ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; | (സി)<br>&<br>(ഡി) | അന്തിമ തീരുമാനമായിട്ടില്ല. |
| (ഡി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ